# ആമുഖം

സാമൂഹിക വികസന പ്രക്രിയയുടെ അടിസ്ഥാന ഘടകങ്ങളിലൊന്നാണ് വിദ്യാഭ്യാസം മെച്ചപ്പെട്ട സാമൂഹ്യജീവിതത്തിന് വേണ്ടി വ്യക്തിയെ തയ്യാറാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. സുസ്ഥിര വികസനത്തിൽ അധിഷ്ഠിതമായ ഒരു ജനാധിപത്യ സമൂഹത്തിന്റെ സൃഷ്ടിക്ക് അനുയോജ്യമായ അറിവും മനോഭാവവും നൈപുണികളും, മൂല്യങ്ങളും ആർജിക്കുവാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിലൂടെ ചെയ്യുന്നത്.

പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞമാണ് പ്രാവർത്തികമായിക്കൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടേയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രങ്ങളാക്കി പൊതുവിദ്യാലയങ്ങളെ മാറ്റിയെടുക്കുക എന്നുള്ളതുമാണ് ഇതിന്റെ ലക്ഷ്യം. പാഠപുസ്തകങ്ങൾക്ക് അപ്പുറത്തേക്ക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക, കുട്ടിയെ സമൂഹവുമായി ബന്ധിപ്പിക്കുക, മനപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, ജീവിതനൈപുണികൾ വികസിപ്പിക്കുക, പ്രകൃതി കേന്ദ്രീകൃത വിദ്യാഭ്യാസം തുടങ്ങിയ കാഴ്ചപ്പാടുകളിലൂന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്. നമ്മുടെ കുട്ടികളെ തന്നിലും കുടുംബത്തിലും മാത്രം ഒതുക്കി നിർത്താതെ മറ്റുള്ളവരുടെ ഉയർച്ചക്കും സമൂഹത്തിന്റെ വളർച്ചയ്ക്കും വേണ്ടി പ്രവർത്തിക്കുന്ന വിശ്വപൗരന്മാരായി വളർത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് നമ്മൾ ലക്ഷ്യം വെക്കുന്നത്.

ഒരു നൂറ്റാണ്ടിലധികം കാലമായി ഒരു നാടിന് അക്ഷരവെളിച്ചം പകർന്ന പാരമ്പര്യമുള്ള പ്രാഥമിക വിദ്യാലയമാണ് ചെമ്മരത്തൂർ എൽ.പി.സ്കൂൾ. ജനകീയപിന്തുണയിൽ നമ്മുടെ സ്കൂളിന്റെ ഭൗതികസൗകര്യങ്ങളിൽ അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ കുതിപ്പാണ് നടത്തിക്കഴിഞ്ഞിട്ടുള്ളത്. അക്കാദമിക രംഗത്തും മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പ്രവർത്തനങ്ങൾക്ക് ഗുണം കണ്ടു തുടങ്ങിയിരിക്കുന്നു. ഈ ആധുനിക മാറ്റങ്ങൾക്കുവേണ്ടി പ്രവർത്തിച്ച എല്ലാവരുടേയും സഹായവും സഹകരണവും തുടർന്നും ഉണ്ടാകണമെന്ന് വിനയപൂർവം അഭ്യർഥിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ചെമ്മരത്തൂർ എൽ.പി.സ്കൂൾ |
| വിലാസം | : | ചെമ്മരത്തൂർ പി.ഒ.<br>വടകര<br>കോഴിക്കോട് |
| സ്കൂൾ കോഡ് | : | 16708 |
| വിദ്യാഭ്യാസ ഉപജില്ല | : | തോടന്നൂർ |
| വിദ്യാഭ്യാസ ജില്ല | : | വടകര |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| ബി.ആർ.സി | : | തോടന്നൂർ |
| ഗ്രാമപഞ്ചായത്ത് | : | തിരുവള്ളൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | തോടന്നൂർ |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാമണ്ഡലം | : | കുറ്റ്യാടി |
| ലോക്സഭാമണ്ഡലം | : | വടകര |
| താലൂക്ക് | : | വടകര |
| വില്ലേജ് | : | കോട്ടപ്പള്ളി |
| വകുപ്പ് | : | പൊതുവിദ്യാഭ്യാസം |
| നിലവിലെ ഹെഡ്മാസ്റ്റർ | : | എ.പി.മീരാകുമാരി വിദ്യ. ആർ. കെ<br>ഹെഡ്മിസ്ട്രസ്<br>9496416174 95 39773044. |

# ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ മികച്ചതും സൗജന്യമായ വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക.
2. 4-ാം ക്ലാസ് കഴിയുമ്പോൾ ഓരോ കുട്ടിയും ആർജ്ജിക്കേണ്ട അക്കാദമിക് ശേഷികളും, ധാരണകളും, നൈപുണികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
3. വിഷയങ്ങളിൽ ഊന്നിയുള്ള പഠനത്തിനപ്പുറം സർഗ്ഗപരമായ കഴിവുകൾ വികസിപ്പിച്ച് സമഗ്രവികസനം ഉറപ്പാക്കുക.
4. അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
5. എല്ലാ ക്ലാസുമുറികളും സ്മാർട്ട് റൂമുകളാക്കി ഐ.സി.ടി അധിഷ്ഠിത പഠനം ഉറപ്പാക്കുക.
6. കലാകായിക പ്രവർത്തനങ്ങൾ മികച്ചതാക്കാനാവശ്യമായ ഭൗതിക-സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
7. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിൽ എത്തിക്കാനുള്ള ശ്രമം നടത്തും.
8. 'പ്രകൃതി തന്നെ പാഠപുസ്തകം' എന്ന ആശയത്തെ വികസിപ്പിച്ച് ഒരു മാതൃക ജൈവ വൈവിധ്യ ഉദ്യാനം വികസിപ്പിക്കും.
9. മാലിന്യ നിർമാർജനം, പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് എന്നിവയ്ക്ക് പ്രാധാന്യം നൽകും.
10. മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തും.
11. കുട്ടികൾക്കായി കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.
12. പ്രാദേശികമായി ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളെയും ഉപയോഗിക്കുകയും അതിനായി ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യും.
13. വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കുവെയ്ക്കും.
14. സ്കൂൾ ലൈബ്രറി, ശാസ്ത്രലാബുകൾ എന്നിവ ആധുനിക വൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.

# വിദ്യാലയചരിത്രം

വടകര കോട്ടപ്പള്ളി റോഡിൽ ചെമ്മരത്തൂർ അങ്ങാടിയിൽ തോടന്നൂർ റോഡിൽ ഉദ്ദേശം 500 മീറ്റർ തെക്കുമാറി കപ്പള്ളി ക്ഷേത്രത്തിനു സമീപമാണ് ചെമ്മരത്തൂർ എൽ.പി.സ്കൂൾ സ്ഥിതിചെയ്യുന്നത്. വിക്ടോറിയ റാണിയുടെ ഭരണകാലത്ത് ഏറനാട്ടിൽനിന്നും ഈ നാട്ടിലെ സമ്പന്ന തറവാട്ടിലെ കുട്ടികളെ പഠിപ്പിക്കുവാൻ വേണ്ടി വന്നുതാമസിച്ച കൃഷ്ണനെഴുത്തച്ഛൻ എന്ന ആൾ കുട്ടികളെ പഠിപ്പിക്കുവാൻ ഒന്നാമതായി ഒരു പാഠശാല കെട്ടിയ സ്ഥലമാണ് ഇന്നത്തെ ചെമ്മരത്തൂർ എൽ.പി.സ്കൂളായി അറിയപ്പെടുന്നത്. ഇന്നത്തെ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ തൊട്ടു മേലെ ഭാഗത്തായിരുന്നു ആ പാഠശാല എന്ന് പറയപ്പെടുന്നു. അദ്ദേഹത്തിന്റെ പ്രധാന ശിഷ്യനും, ഗുരുക്കൾ എന്ന ബഹുമതിപ്പേരോടുകൂടി അറിയപ്പെടുന്ന ഇ. രാമക്കുറുപ്പ്, കയ്യാലെ കേളുക്കുറുപ്പ് എന്നീ പ്രസിദ്ധരായ വ്യക്തികളുടെ പ്രവർത്തനത്തിലൂടെ ഈ നാട്ടിലെ കുട്ടികളെ നാട്ടെഴുത്തും വായനയും പഠിപ്പിക്കുവാൻ 1904 ൽ സ്ഥാപിച്ചതാണ് ചെമ്മരത്തൂർ ഹിന്ദു ബോയ്സ് സ്കൂൾ. 1906 ലാണ് ഈ സ്കൂളിന് സർക്കാർ അംഗീകാരം കിട്ടിയത്. ഇ.രാമക്കുറുപ്പിന്റെ മാനേജ്മെന്റിന് കീഴിൽ എ.കണ്ണക്കുറുപ്പ് പ്രധാനാധ്യാപകനായി സ്കൂൾ പ്രവർത്തനം തുടങ്ങി. തേവർ പറമ്പത്ത് കൃഷ്ണക്കുറുപ്പ്, തയ്യുള്ളതിൽ കേളപ്പൻ ഗുരുക്കൾ, ഒതയോത്ത് കേളപ്പൻ ഗുരുക്കൾ, നടത്തലക്കൽ രാമർ ഗുരുക്കൾ, മലപ്പാടി രാമക്കുറുപ്പ് എന്നിവരേയും മറ്റു സഹപ്രവർത്തകരാക്കി മാനേജർ സ്കൂൾ നടത്തിക്കൊണ്ടുവന്നു. തുടക്കത്തിൽ 3-ാം തരം വരെയായിരുന്നു ക്ലാസുകൾ ഉണ്ടായിരുന്നത്.

വാച്ചില്ലാത്ത കാലത്ത് പതിറ്റടിപ്പൂവിനേയും, നിഴലിനേയും ആശ്രയിച്ചായിരുന്നു സ്കൂൾ സമയം തിട്ടപ്പെടുത്തിയിരുന്നത് എന്നത് ഇന്നത്തെ തലമുറയ്ക്ക് അജ്ഞാതമായിരിക്കാം. ആരംഭത്തിൽ 40 കുട്ടികളായിരുന്നു ഇവിടെ ഉണ്ടായിരുന്നുള്ളുവെങ്കിലും ഒന്നിനു താഴെ ശിശുതരം എന്ന ക്ലാസ്സ് ഉള്ളതായി രേഖകൾ കാണിക്കുന്നു. 1915 ന് ശേഷം 4-ാം തരവും പിന്നീട് 5-ാം തരം വരെയും ക്ലാസുകൾ ഉണ്ടായി. പിൽക്കാലത്ത് ചെമ്മരത്തൂർ ബോയ്സ് എലിമെന്ററി സ്കൂൾ എന്നായിരുന്നു ഈ സ്ഥാപനത്തിന്റെ പേര്.

സർക്കാർ ജോലി ലഭിക്കുവാനുള്ള ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത 5-ാം തരം അഥവാ പ്രൈമറി വിദ്യാഭ്യാസം ആയതുകൊണ്ട് ആറും, ഏഴും, നാഴിക അകലെനിന്നുള്ള പ്രദേശങ്ങളിൽ നിന്നുപോലും കുട്ടികൾ ഇവിടെ വന്ന് വിദ്യാഭ്യാസം ചെയ്തിട്ടുണ്ട്. 1962 ൽ ആണ് 5-ാം തരം നീക്കം ചെയ്യപ്പെടുന്നത്. മാനേജരും ഹെഡ്മാസ്റ്ററുമായിരുന്ന ഇ.രാമക്കുറുപ്പ് പിരിഞ്ഞതിനുശേഷം ഇ.കൃഷ്ണക്കുറുപ്പ് ഹെഡ്മാസ്റ്ററായി സേവനം തുടങ്ങി. ആർ. ബാലക്കുറുപ്പ്, കെ.ഗോപാലക്കുറുപ്പ്, നാരായണൻ ഗുരുക്കൾ, കെ.പി.ചാത്തുക്കുറുപ്പ്, വി.പരമേശ്വരൻ അയ്യർ, സി.എച്ച്. കുഞ്ഞിരാമക്കുറുപ്പ്, പി.മാണി, ഇ.സി.ചാത്തുക്കുറുപ്പ്, ഇ.നാരായണക്കുറുപ്പ്, എ.രാമക്കുറുപ്പ്, കെ.നാരായണി അമ്മ, കെ.കല്യാണിഅമ്മ, എ.കല്യാണിഅമ്മ,

പി.ബാലക്കുറുപ്പ്, സി.എച്ച്.പൊക്കൻ മാസ്റ്റർ, ടി.കുഞ്ഞിരാമൻമാസ്റ്റർ, കെ.എം.ബാലൻമാസ്റ്റർ, എ.ബാലൻമാസ്റ്റർ, സി.ഗോപാലൻമാസ്റ്റർ, കെ.എം.രാധ, സി.അബ്ദുറഹിമാൻമാസ്റ്റർ, വി.ബാലനാരായണൻ മാസ്റ്റർ എന്നിവർ ഇവിടുത്തെ പൂർവ്വാദ്ധ്യാപകരാണ്. പി.ബാലക്കുറുപ്പ് ജോലിയിലിരിക്കെ മരണമടയുകയുണ്ടായി. ഇ.എം.ചാത്തുമാസ്റ്റർ എന്നയാൾ ഇവിടെ കുറച്ചുകാലം ജോലി ചെയ്തിട്ടുണ്ട്. ഇപ്പോൾ കൊച്ചി കസ്റ്റംസ് എക്സാമിനറായ കെ.ഗൗരി, മൊകേരി കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ടി.പി.കണ്ണൻമാസ്റ്റർ എന്നിവർ ഈ സ്കൂളിലെ 40 കളിലെ പൂർവ്വവിദ്യാർത്ഥികളാണ്. കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽനിന്ന് എം.എഡിന് ഫസ്റ്റ് റാങ്ക് വാങ്ങിയ എ.കെ.സന്തോഷ്, ദന്തൽകോളേജ് വിദ്യാർത്ഥിയായ ബിജിൻ.ബി.ആർ എന്നിവരും ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്. അനിൽ പുക്കോട് പി.ടി.എ പ്രസിഡണ്ടും സിനി ഒ. എം.പി.ടി.എ പ്രസിഡണ്ടുമാണ്.

1989 ൽ സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി പോണ്ടിച്ചേരിയിൽ പരിപാടി അവതരിപ്പിക്കുകയും 1990ൽ പബ്ലിക്ക് റിലേഷൻസ് വകുപ്പിന്റെ ക്ഷണമനുസരിച്ച് ഡൽഹിയിൽ കോൽക്കളി അവതരിപ്പിച്ച് അന്നത്തെ ഇന്ത്യൻ യൂനിയൻ പ്രസിഡണ്ട് ആർ.വെങ്കിട്ടരാമനിൽ നിന്ന് പ്രശസ്തിപത്രവും അവാർഡും കൈപ്പറ്റിയ കോൽക്കളി സംഘത്തിന്റെ ഗുരുക്കൾ ടി.എച്ച് പൊക്കൻഗുരുക്കൾ തന്റെ കലയുടെ ആദ്യാക്ഷരത്തിന്റെ ഹരിശ്രീ കുറിച്ചതും (കോലെടുത്തുവാങ്ങൽ) ഈ വിദ്യാലയത്തിലാണ്. കാലോചിതമായ പ്രശ്നങ്ങളെ കലാരൂപത്തിലും നർമ്മരൂപത്തിലും ജനങ്ങളിലെത്തിക്കുവാൻ എ.രാമക്കുറുപ്പിന്റെ നേതൃത്വത്തിലുള്ള അന്നത്തെ അദ്ധ്യാപകർ കാട്ടിയ വൈഭവം നാട്ടുകാർ ഇന്നും അഭിമാനപൂർവ്വം സ്മരിക്കുന്നു. ഇപ്പോൾ ഇ.കെ.രാധാകൃഷ്ണൻ മാനേജരും എം.പി.മീനാകുമാരി ഹെഡ്മിസ്ട്രസ്സായും സേവനമനുഷ്ഠിക്കുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

1. 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്.' എന്ന പൗലോ ഫ്രെയറുടെ കാഴ്ചപ്പാടിനെയും, 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും, ശേഷികളും, നൈപുണികളും, മൂല്യങ്ങളും വളർത്താനാവശ്യമായ അവസരമൊരുക്കുക.

3. ദേശീയബോധം വളർത്തുന്നതോടൊപ്പം മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന വിദ്യാഭ്യാസ അനുഭവങ്ങളൊരുക്കുക.

4. പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

5. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള വിദ്യാഭ്യാസ അവസരങ്ങളൊരുക്കുക.

6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും 'പ്രകൃതിയോടിണങ്ങിയുള്ള വിദ്യാഭ്യാസാനുഭവം' ഒരുക്കാനും കുട്ടികളെ പ്രാപ്തരാക്കുക. പ്രകൃതിയുമായി ഇണങ്ങിചേർന്ന് ജീവിക്കുന്ന പ്രദേശമാണ് ചെമ്മരത്തൂർ. ഒരു പരിധിവരെ എല്ലാവരും കാർഷികവൃത്തിയുമായി നേരിട്ട് ബന്ധപ്പെടുന്നവരാണ്. അതുകൊണ്ടുതന്നെ ആ കാർഷിക പാരമ്പര്യത്തിന്റെ തുടർച്ച സ്കൂളിലുമുണ്ട്. പലകാലങ്ങളിലായി മികച്ച കാർഷികപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ഇവിടുത്തെ മുൻകാല അധ്യാപകർ ശ്രദ്ധിച്ചിട്ടുണ്ട്.

7. ലൈബ്രറി, ലാബ് എന്നിവ അന്താരാഷ്ട്രതലത്തിലേക്കുയർത്തുക.

8. കുട്ടികളിൽ സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനാവശ്യമായ അന്തരീക്ഷമൊരുക്കുക.

9. 5 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസനപദ്ധതി തയ്യാറാക്കാനും വിവിധ മേഖലകളിൽ നിന്നുള്ള വിഭവ സമാഹരണം നടത്തി (ഗവൺമെന്റ്, ത്രിതല പഞ്ചായത്ത്, എം.എൽ.എ, എം.പി, പൂർവ്വ വിദ്യാർത്ഥികൾ, മറ്റ് ഏജൻസികൾ) സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക.

10. ലഹരി മുക്ത-പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് ഒരുക്കുക. പരിസ്ഥിതി സൗഹൃദപാഠം വളർത്തിയെടുക്കുക.

11. 'ക്യാമ്പസ്-പാഠപുസ്തകം' ഈ ആശയം പൂർണ്ണമായി നടപ്പിലാക്കുന്ന വിദ്യാലയമൊരുക്കൽ.

12. നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയും പഠനനിലവാരം മെച്ചപ്പെടുത്തുക.

13. കലാ-കായിക പ്രവൃത്തി പരിചയ പരിശീലനങ്ങൾ ആസൂത്രണം നടത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉള്ള വിദ്യാലയം.

ഈ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകണമെങ്കിൽ അധ്യാപകരും, രക്ഷാകർത്താക്കളും, പി.ടി.എയും ത്രിതല പഞ്ചായത്തും ഒന്നിച്ച് പ്രവർത്തിക്കണം. അങ്ങനെ ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി മാറ്റിയെടുക്കാം.

## 6. അവസ്ഥാവിശകലനം

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സാഹചര്യങ്ങൾ, മനുഷ്യവിഭവശേഷി, സമ്പത്ത്, സാമഗ്രികൾ വിവിധ വിഭവങ്ങൾ വേണം. വിദ്യാർത്ഥികൾക്ക് സൗകര്യവും സുരക്ഷിതത്വവും സ്വാതന്ത്ര്യവും ശിശുസൗഹൃദപരമായ അന്തരീക്ഷവും ഒരുക്കണം. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.

കലാ-കായിക പ്രവൃത്തി പരിചയ പഠനത്തിന് ആവശ്യമായ പ്രത്യക്ഷമായ മുറിവുകളോ അധ്യാപകരോ സ്കൂളിൽ ഇല്ല. പുതിയ കെട്ടിടത്തിൽ 4 ക്ലാസ് മുറിയും ഒരു ഓഫീസ് മുറിയും കുട്ടികൾക്ക് ഉള്ള ടോയ്‌ലറ്റും ആണ് ഉള്ളത്. എന്നാൽ കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം,

### 1. ഭൂമിയുടെ അളവ്

വിദ്യാലയത്തിന് ആകെ ലഭ്യമായ ഭൂമി 60 സെന്റാണ്. 1 മുതൽ 4 വരെയുള്ള ക്ലാസുകളിലേക്കുള്ള അധ്യയനം ആണ് ഇവിടെ നടക്കുന്നത്. കലാ-കായിക പ്രവൃത്തി പരിചയ പഠനം മികവുറ്റതാക്കാൻ നിരവധി സാമഗ്രികൾ ആവശ്യമാണ്. നിലവിലുള്ള അവസ്ഥാവിശകലനം ചെയ്തു വേണം നമ്മുടെ ആവശ്യങ്ങൾ നിശ്ചയിക്കാൻ

സാമൂഹിക പ്രശ്നങ്ങൾ

1. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവും ആയ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാകുന്നില്ല.
2. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി., പി.ടി.എ എന്നിവയുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
3. പ്രാദേശിക-വിഭവ ഭൂപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിൽ ഉറപ്പാക്കുന്നില്ല.
4. സഹജീവികളോട് സ്നേഹം, കാരുണ്യം, അനുതാപം എന്നിവ വികസിക്കുന്നില്ല.
5. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
6. കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളെ പ്രയോജനപ്പെടുത്തുന്നില്ല.

# 7. പ്രശ്നങ്ങൾ-വെല്ലുവിളികൾ

അക്കാദമികം

1. 1 മുതൽ 4 വരെയുള്ള പഠനം പൂർത്തിയാകുമ്പോൾ ഉദ്ദേശിച്ച ധാരണകളും ശേഷികളും നൈപുണികളും പൂർണമായും കൈവരിക്കാൻ കഴിയുന്നില്ല.
2. വായന ഒരു സംസ്കാരമായി വളർത്താൻ സാധിക്കുന്നില്ല.
3. ലൈബ്രറിയുടെ ഉപയോഗം പൂർണമായി നടക്കുന്നില്ല.
4. ആധുനിക വിദ്യാഭ്യാസക്രമത്തിനനുസരിച്ച് മാറാത്ത അധ്യാപനകാഴ്ചപ്പാടുകൾ.
5. പഠന പ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങൾ ഐ.സി.ടി സാധ്യതകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
6. മികവ് പുലർത്തുന്ന കുട്ടികൾക്ക് ഒരു വിഷയത്തിലും മികച്ച പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.
7. വൈവിധ്യമാർന്ന പഠനതന്ത്രങ്ങളും സങ്കേതങ്ങളും പ്രയോജനപ്പെടുത്തുന്നതിന് ഭൂരിപക്ഷം അധ്യാപകർക്കും കഴിഞ്ഞിട്ടില്ല.
8. ക്ലാസ് ലൈബ്രറികൾ ഇല്ല. ഉള്ളവയിൽ തന്നെ ആവശ്യത്തിന് പുസ്തകവും ഇല്ല.
9. ക്ലബ്ബ് പ്രവർത്തനങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമാവുന്നില്ല.
10. കുട്ടികളുടെ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ഉള്ള അവസരങ്ങളോ അനുഭവങ്ങളോ ലഭ്യമാകുന്നില്ല.
11. കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
12. വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെടുകയോ മാധ്യമങ്ങളിലൂടെയും മറ്റും ജനങ്ങളെ അറിയിക്കുന്നതിനുമുള്ള അവസരം ഇല്ല.

# 8. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

(ഒറ്റനോട്ടത്തിൽ)

**അക്കാദമികം**

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- വായനാപരിപോഷണം
- ലൈബ്രറി ശാക്തീകരണം
- പഠന യാത്രകൾ
- കലാ-കായികമേള
- മെഡിക്കൽ ക്യാമ്പ്

- ‹
- 
- .
- റ
- പ്
- ഭക

**സാമൂഹികം**

- ത്രിതല പഞ്ചായത്തുകളുമായി ബന്ധം ശക്തിപ്പെടുത്തൽ
- പൂർവ്വ വിദ്യാർത്ഥി സംഘടന ശാക്തീകരണം
- ക്ലാസ് പി.ടി.എ ശാക്തീകരണം
- റിസോഴ്സ് മാപ്പിംഗ്

'പ്രാദേശിക പി.ടി.എ

ഭവന സന്ദർശനം

- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി
  ിടൽ

2. ക്ലാസുകളുടെ എണ്ണം

1 മുതൽ 4 വരെ ക്ലാസുകൾ

3. കെട്ടിടങ്ങൾ

| | |
|---|---|
| പുതിയത് | ഓഫീസ് റൂം ഉൾപ്പെടെ 5 മുറികൾ |
| പഴയത് | കെ.ഇ.ആർ. (2) പ്രീ-കെ.ഇ.ആർ. (2) |

4. ലൈബ്രറി ബുക്കുകൾ

| | |
|---|---|
| ഇംഗ്ലീഷ് | - 43 |
| മലയാളം | - 877 |
| **ആകെ** | - 920 |

അൻപതോളം കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ ജനറൽ, റഫറൻസ്, ഗവേഷണ വിഭാഗങ്ങളിൽ ഇനിയും 2000ൽ അധികം പുസ്തകങ്ങൾ വാങ്ങേണ്ടതുണ്ട്.

5. കമ്പ്യൂട്ടറുകൾ

| ഉപകരണം | പ്രവർത്തിക്കുന്നത് | പ്രവർത്തിക്കാത്തത് | ആകെ |
|---|---|---|---|
| ഡസ്ക്ടോപ്പ് | 2 | 1 | 3 |

6. ശബ്ദസംവിധാനം

| | |
|---|---|
| ആംപ്ലിഫയർ | 1 |
| സ്പീക്കർ- | 2 |

എല്ലാവിധ ആധുനിക സൗകര്യങ്ങളോടുംകൂടിയ ശബ്ദസംവിധാനം ഒരുക്കണം.

7. ശുചിമുറികൾ

| | നിലവിലുള്ളത് |
|---|---|
| പെൺകുട്ടികൾ | 2 |
| ആൺകുട്ടികൾ | 2 |
| സ്റ്റാഫ് | 2 |

8. കുടിവെള്ളസൗകര്യം

| | |
|---|---|
| കിണർ | 1 |
| മോട്ടോർ | 1 |
| ടാങ്ക് | 1 |

വാട്ടർ പ്യൂരിഫയർ സൗകര്യവും ഏർപ്പെടുത്തണം.

**9. ഫാക്കൽറ്റി**

ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 4 പേർ

**10. ക്ലബ്ബ് പ്രവർത്തനം**

ഈ വിദ്യാലയത്തിൽ ആകെ 5 ക്ലബ്ബുകൾ പ്രവർത്തിക്കുന്നു.

സയൻസ് ക്ലബ്ബ്
ഇംഗ്ലീഷ് ക്ലബ്ബ്
ഗണിത ക്ലബ്ബ്
സ്പോർട്സ് ക്ലബ്ബ്
കാർഷിക ക്ലബ്ബ്

**11. സ്കൂൾ അസംബ്ലി**

വെള്ളി ഒഴികെ എല്ലാ ദിവസവും സ്കൂൾ മുറ്റത്ത് വെച്ച് അസംബ്ലി നടത്താറുണ്ട്. ബുധനാഴ്ചത്തെ അസംബ്ലിയിൽ എല്ലാ പരിപാടികളും ഇംഗ്ലീഷിലാണ്. സ്കൂൾ അസംബ്ലിയിൽ പ്രാർത്ഥന, പ്രതിജ്ഞ, ഡയറി, പത്രവാർത്ത, വായനാകുറിപ്പ്, നിശ്ചിത ദൈർഘ്യമുള്ള കലാ പരിപാടി ദേശീയഗാനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

**12. ഉച്ചഭക്ഷണം**

വിദ്യാലയത്തിലെ പാചകപ്പുരയിൽ തയ്യാറാക്കുന്ന ഭക്ഷണങ്ങളാണ് കുട്ടികൾക്ക് നൽകാറുള്ളത്. രാവിലെ 11-15-ന് പൊടിയരിക്കഞ്ഞി (തിങ്കൾ, ബുധൻ, വെള്ളി) പാൽ (ചൊവ്വ, വ്യാഴം) ചോറ്, കറി ഉപ്പേരി എന്നിവ ഉൾപ്പെടുത്തി നല്ല രീതിയിലുള്ള ഉച്ചഭക്ഷണം നൽകിവരുന്നു. ആഴ്ചയിൽ ഒരു ദിവസം മുട്ടയും മാസത്തിൽ ഒരു ദിവസം ഇറച്ചിക്കറിയും ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഉച്ചഭക്ഷണം കുട്ടികൾ ക്ലാസ് മുറികളിൽ ഇരുന്നാണ് കഴിക്കുക. എല്ലാ കുട്ടികളും ഉച്ചഭക്ഷണം കഴിക്കാറുണ്ട്.

**14.പാഠപുസ്തകം-യൂണിഫോം**

എല്ലാ കുട്ടികൾക്കും സൗജന്യമായി പാഠപുസ്തകം യൂണിഫോം എന്നിവ നൽകിയിട്ടുണ്ട്. കുട്ടികൾക്ക് അർഹതപ്പെട്ട എല്ലാ സ്കോളർഷിപ്പും ലഭിക്കുന്നുണ്ട്. ജൈവ-വൈവിധ്യ പാർക്ക്, പൂന്തോട്ടം എന്നിവ ഇല്ല. കുറച്ച് ചട്ടികളിൽ തയ്യാറാക്കിയ ചെടികളും കൃഷിഭവന്റെ സഹായത്തോടുകൂടി നടപ്പിലാക്കിയ പച്ചക്കറി കൃഷിയും സ്കൂളിൽ ഉണ്ട്.

## അധ്യാപകരും ചുമതലകളും

ഹെഡ്മിസ്ട്രസ് : വിദ്യ. R.K

സ്റ്റാഫ് സെക്രട്ടറി : പ്രിൻസി. K.M

SRG കൺവീനർ : രാജേന്ദു. ആർ. ടി

ഉച്ചഭക്ഷണം : വിദ്യ. R.K

: ~~ശ്രീജിത് ഗോപി~~ രാജേന്ദു. ആർ ടി

ലൈബ്രറി : ~~രാജേന്ദു ആർ ടി~~ നവനീത് ഗോപി

PSITC : നവനീത് ഗോപി.

CWSN : പ്രിൻസി. KM

### ക്ലബ്ബുകൾ

ഗണിതം : നവനീത് ഗോപി

ഇംഗ്ലീഷ് : രാജേന്ദു. ആർ. ടി

പരിസ്ഥിതി / കാർഷികം : പ്രിൻസി. കെ. എം

സയൻസ് & സോഷ്യൽ സയൻസ് : ~~നവനീത് ഗോപി~~ (പ്രിൻസി കെ. എം)

ഹെൽത്ത് ക്ലബ് : നവനീത് ഗോപി

വിദ്യാരംഗം : രാജേന്ദു ആർ ടി, (പ്രിൻസി. കെ. എം)

## 8. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

(ഒറ്റനോട്ടത്തിൽ)

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ◆ ഭാഷാശേഷി വികസനം<br>◆ ഗണിതശേഷി വികസനം<br>◆ ഇംഗ്ലീഷ് പഠന പരിപോഷണം<br>◆ വായനാപരിപോഷണം<br>◆ ലൈബ്രറി ശാക്തീകരണം<br>◆ പഠന യാത്രകൾ<br>◆ കലാ-കായികമേള<br>◆ മെഡിക്കൽ ക്യാമ്പ് | ◆ ലൈബ്രറി<br>◆ വായനാമുറി<br>◆ ചുറ്റുമതിൽ, ഗേറ്റ്<br>◆ കളിസ്ഥലം<br>◆ മൾട്ടിമീഡിയ റൂം<br>◆ കുടിവെള്ള വിതരണം<br>◆ സ്കൂൾ ബസ്സ്<br>◆ പാചകപ്പുര<br>◆ ഭക്ഷണഹാൾ | ◆ ത്രിതല പഞ്ചായത്തുകളുമായി ബന്ധം ശക്തിപ്പെടുത്തൽ<br>◆ പൂർവ്വ വിദ്യാർത്ഥി സംഘടന ശാക്തീകരണം<br>◆ ക്ലാസ് പി.ടി.എ ശാക്തീകരണം<br>◆ റിസോഴ്സ് മാപ്പിംഗ്<br>◆ പ്രാദേശിക പി.ടി.എ<br>◆ ഭവന സന്ദർശനം<br>◆ വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |

# വിഷയമേഖലകൾ

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് മൂർത്തരൂപം നൽകേണ്ടതുണ്ട്. അതിനായി യാഥാർത്ഥ്യബോധത്തോടെ, സമയബന്ധിതമായി പൂർത്തീകരിക്കുന്ന പ്രവർത്തനങ്ങൾക്ക് രൂപം നൽകണം. വരുന്ന 5 വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട പ്രവർത്തനപദ്ധതികളുടെ വിശദാംശമാണ് ഇവിടെ നൽകിയിരിക്കുന്നത്. 7 മേഖലകളിലായാണ് പദ്ധതി വിശദീകരിച്ചിട്ടുള്ളത്. മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസരപഠനം, ഐടി, സങ്കലിത വിദ്യാഭ്യാസം, കല-കായികം-ആരോഗ്യം-ശുചിത്വം ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നീ മേഖലകളാണുള്ളത്. ഓരോ മേഖലയിലും നേരിടുന്ന പ്രശ്നങ്ങളുടെ വിശകലനവും (ഫോർമാറ്റ് 1) പരിഹാര പ്രവർത്തനങ്ങളുടെ വിശകലനവും (ഫോർമാറ്റ് 2) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതിനുള്ള പട്ടികയും ഉൾപ്പെടുത്തിയിരിക്കുന്നു.

# മലയാളം

ആമുഖം

ഭാഷയും സമൂഹവും തമ്മിലുള്ള പരസ്പര ബന്ധമാണ് വ്യക്തിയുടെ എല്ലാ തരത്തിലുമുള്ള പുരോഗതിക്കും സാംസ്കാരിക വളർച്ചയ്ക്കും കാരണമാകുന്നത്. ഭാഷാസമൂഹത്തിലെ ഒരു അംഗമെന്ന നിലയിലാണ് വ്യക്തി വികസിക്കുന്നത്. അതുകൊണ്ട് തന്നെ ഭാഷാപഠനം ജീവിതത്തിന്റെ എല്ലാ മേഖലകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭാഷയുടെ ഉപയോഗം കേവലം ആശയവിനിമയം മാത്രമല്ല; സാംസ്കാരിക ജീവിതത്തിന്റെ എല്ലാ തലങ്ങളിലുമുള്ള വളർച്ചയാണ് എന്ന് പറയുന്നത് ഇതുകൊണ്ടാണ്. ജീവിതത്തെ സൗന്ദര്യാത്മകവും അനുഭൂതിജനകവുമാക്കുന്ന സാഹിത്യവും അവന്റെ പാരമ്പര്യത്തിൽ വേരുകൾ ഉറപ്പിക്കുന്ന ചരിത്രവും മുമ്പോട്ട് നയിക്കുന്ന ശാസ്ത്രബോധവും ഭാഷാപഠനക്ലാസ്സുകളിൽ നിന്ന് ആർജ്ജിക്കുന്നു.

മലയാളം.

1. അമ്മ വായന. — June - March.
2. വായനക്കൂട്ടം. — July - March.
3. എഴുത്തുകൂട്ടം. — ~~[illegible]~~ August - March.
4. ഇ - വായന — "
5. ആകാശവാണി ക്ലബ്ബ് — "
6. കാവ്യക്കൂട്ടം. — "
7. [illegible] ആ[illegible]കുറിച്ച് [illegible].
8. [illegible].
9. സാഹിത്യ സാംസ്കാരിക ദിനാചരണം.
10. ഭിന്നശേഷിക്കാരെ പരിഗണിക്കൽ.

# LEARNING OF ENGLISH

**Preface**

English plays an important role in our everyday life. There is great utility of English in modern world. In this land of innumerably regional languages in different states, English serves as a link-language in the country. English language is widely used in official communications. The importance of English in education and student's life cannot be denied. English is an important language for inter-state communications.

English is in India today a symbol of people's aspirations for quality in education and a fuller participation in national and international life. English enjoys a status which no other language has. English education was introduced by Macaulay in 1835. English is a language of science, trade, politics etc... In India, It has the status of Associate official language. Acquiring proficiency in English is an inevitable one in one's life. The demand of the public for English compelled the authorities to introduce English from std 1 onwards in schools of Kerala. But, unfortunately, the use of language for real purposes and a satisfactory proficiency in English language is still a distant dream. So care should be taken to ensure that learners achieve the learning outcomes prescribed in the curriculam. Before they proceed to the next level a platform should be developed to make the teaching learning process of the English effective. We have to provide our learners ample opportunity to use the language effectively.

**1. English learning Issues**

**Academic**

**Issue :**

1. learners haven't acquired the required curriculam objectives.
2. Lack of exposure to English literature providing reading skills.
3. Lack of real life situations in providing English as a language for communication,.
4. Lack of efficiency in writing skill

**Infrastructure :-**

Lack of language lab and Audio Visual lab

Social :

Lack of social participation in English language programmes.

# English

1. English Theatre.
2. English Magazine.
3. English Corner.
4. English Fest.

# അടിസ്ഥാന ഗണിതം

ജീവിതത്തിൽ ഏറ്റവും ആവശ്യമുള്ള ഒരു നൈപുണിയാണ് ഗണിതബോധം അത് മനുഷ്യനെ യുക്തിചിന്തയിലേക്കു നയിക്കുന്ന ഘടകമാണ്. കാര്യ-കാരണങ്ങളേയും ഫലങ്ങളേയും നിർണ യിക്കുന്ന കൃത്യതയുടെ ശാസ്ത്രം കുട്ടി ആസ്വാദ്യകരമായി ഉൾക്കൊള്ളേണ്ടതുണ്ട്. പ്രശ്നാപ ഗ്രഥനത്തിലൂന്നിയുള്ള പഠനസമ്പ്രദായത്തിലൂടെയുള്ള ഗണിതപഠനമാണ് ആസ്വാദ്യകരവും പ്രയോജനകരവും അതിനനുസൃതമായ അന്തരീക്ഷം വിദ്യാലയത്തിലും വിശിഷ്യാക്ലാസ് മുറി കളിലും ഉണ്ടായിരിക്കണം. ഗണിതം നിത്യജീവിതത്തിലും ശാസ്ത്രീയ ചിന്തയിലും ആഴത്തിൽ വേരുകളുള്ള ഒരു ശാസ്ത്ര ശാഖയാണെന്ന ബോധ്യം അധ്യാപകരെ കുട്ടികൾക്കും ഉണ്ടാവ ണം. പ്രക്രിയാബന്ധിത പഠനവും ജ്ഞാനനിർമ്മിതിയും ഗണിതത്തിൽ അതീവ പ്രധാനമാണ്.

### 1. ഗണിതപഠനം പ്രശ്നങ്ങൾ

**അക്കാദമികം**

1. 1-4 വരെ ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല
2. കുട്ടികൾക്ക് പ്രൈമറി ക്ലാസ്സിലെ അടിസ്ഥാന ആശയങ്ങൾ ധാരണയില്ല.
3. ഐ.സി.ടി. അധിഷ്ഠിതമായും പ്രക്രിയാ ബന്ധിതമായും പാഠാസൂത്രണം നടത്തുന്നതിന് പരിമിതിയുണ്ട്.
4. പഠനോപകരണങ്ങൾ സ്വയം തയ്യാറാക്കുന്നതിൽ ധാരണക്കുറവ്

**ഭൗതികം**

1. ക്ലാസ്സ് മുറികൾ ഐ.സി.ടി. അധിഷ്ഠിത പഠനത്തിനും പ്രവർത്തനാധിഷ്ഠിത പഠനത്തിനും അനുയോജ്യമല്ല.
2. ഗണിതലാബിന്റെ അഭാവം
3. ലൈബ്രറി ഫലപ്രദമല്ല

**സാമൂഹികം**

1. സമൂഹത്തിലെ ഗണിത വൈദഗ്ധ്യം ഫലപ്രദമായി സ്കൂളിൽ ഉപയോഗിക്കാൻ കഴിയുന്നില്ല

4 - ഗണിത പ്രവർത്തനം

1. ഗണിത കേളികൾ.
2. ഗണിത ക്വിസ് — സ്കൂൾ തലത്തിൽ.
3. IT Games.
4. കുട്ടികളുടെ ക്ലബ്ബ്.

# പരിസരപഠനം

**ആമുഖം**

മാനവരാശിയുടെ വികാസത്തിനും നിലനിൽപ്പിനും ശാസ്ത്രം നൽകിയ സംഭാവനകൾ ഏതൊരാളിനെയും എല്ലാക്കാലത്തും അതിശയിപ്പിക്കുന്നതാണ്. മനുഷ്യർ എല്ലാ കാലത്തും തങ്ങൾക്ക് ചുറ്റുമുള്ള ലോകത്തെക്കുറിച്ച് അറിയാനും പഠിയ്ക്കാനും തൽപരരായിരുന്നു. രാത്രി കാലങ്ങളിലെ വർണാഭമായ ആകാശവും ക്രമമായി ഉണ്ടാകുന്ന രാത്രിയും പകലും, തിരമാലകൾ, മഴവില്ല്, അഗ്നിപർവ്വതങ്ങൾ എല്ലാം മനുഷ്യനെ അതിശയിപ്പിച്ചുകൊണ്ടിരുന്ന പ്രകൃതി പ്രതിഭാസങ്ങളായിരുന്നു. ഈജിപ്ത്, ഇന്ത്യ, ചൈന, ഗ്രീസ്, അറബിക്, മെസപ്പൊട്ടോമിയൻ എന്നി പുരാതന സംസ്കാരങ്ങൾ ശാസ്ത്രത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുണ്ട്. 16-ാം നൂറ്റാണ്ടു മുതൽ യൂറോപ്പിൽ ശാസ്ത്രത്തിന് അഭൂതപൂർവ്വമായ വികാസം ഉണ്ടായി. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ശാസ്ത്രം ഒരു അന്താരാഷ്ട്രസംരംഭമായി മാറുകയും നിരവധി രാജ്യങ്ങൾ അവരവരുടേതായ സംഭാവനകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ കൂട്ടായ പരിശ്രമം ശാസ്ത്ര പുരോഗതിയെ വളരെയധികം സഹായിച്ചിട്ടുണ്ട്.

ശാസ്ത്രമെന്നാൽ വ്യവസ്ഥാപിതമായ മാറ്റത്തിലൂടെ പ്രകൃതി പ്രതിഭാസങ്ങളെ സാധ്യമായ രീതിയിൽ ആഴത്തിൽ മനസ്സിലാക്കുക എന്നാണ് ഇങ്ങനെ ലഭിച്ച അറിവുകളെ കാലക്രമത്തിൽ മാറ്റിയെടുക്കുകയും ചെയ്യുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ശാസ്ത്രം ഒരു പണി തീരാത്ത വീട്പോലെയാണ്. പുതിയ തലമുറ വീടിന്റെ പഴയ സാധനങ്ങൾ പൊളിച്ച് മാറ്റുകയും പുതിയവ സ്ഥാപിക്കുകയും ചെയ്യുന്നതുപോലെ പുതിയകാല മനുഷ്യർ മുൻപുണ്ടായിരുന്ന ശാസ്ത്രമേഖലകളിൽ പുനർവിചിന്തനം നടത്തുകയും പുനരാവിഷ്കരിക്കുകയും ചെയ്യുന്നു.

EVS

1. ശാസ്ത്രജ്ഞ.
2. ശാസ്ത്രീയത.
3. ദ്വിപദനാമകരണം.
4. ശാസ്ത്ര [illegible].
5. ശാസ്ത്രാന്വേഷണം.
6. ശാസ്ത്ര മാസിക.
7. [illegible].
8. ശാസ്ത്ര [illegible]

# കല-കായികം-ആരോഗ്യം-ശുചിത്വം

കലാ പ്രവർത്തനങ്ങൾ കുട്ടികളിൽ പരസ്പരസ്നേ
ഹവും കൂട്ടുചേർന്ന് പ്രവർത്തിക്കുന്നതിന്റെ ഗുണവും
ആരോഗ്യകരമായ ഒരു മനസ്സും ഉണ്ടാക്കും എന്ന കാര്യ
ത്തിൽ തർക്കമില്ല. അതവരെ സൗന്ദര്യ ആരാധകരാക്കി
മാറ്റും.

ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സു
ണ്ടാകും. ഒരു കുട്ടിയുടെ ശാരീരിക മാനസിക വളർച്ചയ്ക്ക്
കായിക വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമുണ്ട്.
ഊർജ്ജസ്വലതയുടെ ഈ പ്രായത്തിൽ കായിക വിദ്യാ
ഭ്യാസം കുട്ടികളെ അച്ചടക്കമുള്ളവരാക്കാൻ സഹായിക്കും.
താൽപര്യമുള്ള കായികമേഖലകൾ തിരഞ്ഞെടുക്കാനും
അവയിൽ ഔട്ട്സ്റ്റാൻഡിംഗ് ആയി മാറാനും അവസര
മൊരുക്കണം.

വ്യക്തി ശുചിത്വം വളരെ പ്രധാനപ്പെട്ടതാണ് ആരോ
ഗ്യമുള്ള ഒരു തലമുറയുടെ സൃഷ്ടിക്ക് വ്യക്തിശുചിത്വം
പരമപ്രധാനമാണ്. പരിസരശുചിത്വവും വളരെ പ്രധാന
പ്പെട്ടതാണ്. കലയും കായിക പ്രവർത്തനങ്ങളും കൂടുതൽ
തിളക്കമുള്ള മനുഷ്യനിലേക്കുള്ള വഴിയാണ്.

## ഐടി പഠനം

ആധുനിക സാങ്കേതിക വിദ്യ അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് ജീവിതത്തിൽ ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നായി അത് മാറിയിരിക്കുന്നു. കമ്പ്യൂട്ടർ ഉപയോഗിച്ചുമാത്രമേ ഇന്ന് ജീവിതത്തിന്റെ ഏതൊരു പ്രവർത്തനവും ആസൂത്രണം ചെയ്യാൻ സാധിക്കുകയുള്ളു. അറിവിന്റെ വിസ്ഫോടനം സാധ്യമാക്കുന്നതിൽ അത് വഹിക്കുന്ന വളരെ പ്രധാനപ്പെട്ട പങ്ക് തിരിച്ചറിഞ്ഞുകൊണ്ടുവേണം ഐടി മേഖലയിലെ പഠനാസൂത്രണങ്ങൾ തയ്യാറാക്കാൻ.

## ഉപസംഹാരം

നമ്മുടെ സ്ഥാപനത്തെ മികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തണമെങ്കിൽ ക്രിയാത്മകമായ സാമൂഹ്യ ഇടപെടലുകൾ ഉണ്ടാവണം. അടുത്ത അഞ്ച് വർഷത്തേക്കുള്ള വികസന കാഴ്ചപ്പാടാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയപദ്ധതി നിർദ്ദേശങ്ങളും വേണ്ടിവരും. ഈ പ്രവർത്തനങ്ങൾക്ക് മൂർത്തരൂപം നല്കുമ്പോൾ വലിയ മാറ്റങ്ങൾ ഉണ്ടാക്കും. നാടൊന്നാകെ പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കാനും അവിടെ ഇടപെടാനും തുടങ്ങിയതിന്റെ സദ്ഫലങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. ഇത് വരും തലമുറയ്ക്ക് വേണ്ടിയുള്ള കരുതലായിരിക്കും എന്ന കാര്യത്തിൽ തർക്കമില്ല.

വരൂ...നമുക്കൊരുമിച്ച് മുന്നേറാം.